# സ്മൃതി

# തിരൂർ നഗരസഭാ ഗ്യാസ്ക്രീമറ്റോറിയം, ചൂളയിൽ വെച്ച് സംസ്ക്കരിക്കൽ, കുഴിമറ എന്നിവയ്ക്ക് നടത്തിപ്പിനായി നിർമ്മിക്കുന്ന ബൈലോ

1994–ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 567–ാം വകുപ്പിന്റെ 25, 29, 33, 34 എന്നീ ഉപവകുപ്പുകൾ പ്രകാരവും നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചും ടി ആക്റ്റിന്റെ 483, 484, 487, 489, 491, 492 എന്നീ വകുപ്പുകൾക്ക് വിധേയമായും തിരൂർ നഗരസഭാ താഴെപറയുന്ന നിയമാവലി ഉണ്ടാക്കുന്നു. അതായത്,

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും
   1. ഈ നിയമാവലിക്ക് തിരൂർ നഗരസഭാ ഗ്യാസ്ക്രിമറ്റോറിയം, ചൂളയിൽ വെച്ച് സംസ്ക്കരിക്കൽ, കുഴിമറ (ആചാരപ്രകാരം) എന്നിവക്കുള്ള ബൈലോ എന്ന് പേര് പറയാം
   2. ടി നിയമാവലിയ്ക്ക് തിരൂർ നഗരസഭ പരിധിയിലും ആയതിനു ചുറ്റുമുള്ള എല്ലാ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിലെ ടി ആവശ്യത്തിലേക്കായി വരുന്ന വ്യക്തികൾക്കും, സർക്കാർ മറ്റും അനുബന്ധ സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവർക്കും ബാധകമായിരിക്കും.
2. നിർവചനങ്ങൾ: ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം:–
   1. സെക്രട്ടറി : എന്നാൽ തിരൂർ നഗരസഭാ സെക്രട്ടറി എന്നാകുന്നു.
   2. ഹെൽത്ത് സൂപ്രവൈസർ: നഗരസഭയുടെ കീഴിൽ ആരോഗ്യ വിഭാഗത്തിന്റെ തലവൻ എന്നർത്ഥമാണ്.
   3. ഗ്യാസ്ക്രിമിറ്റോറിയം : ശ്മശാനത്തിലെ ആവശ്യത്തിലേക്കായി ഗ്യാസ് ഉപയോഗിച്ച് മനുഷ്യ ശവശരീരം ദഹിപ്പിക്കുന്നതിനായി ഉപയോഗിക്കുന്ന സ്ഥലം എന്ന് അർത്ഥമാണ്.

4. നഗരപരിധി : എന്നത് തിരൂർ നഗരസഭയുടെ പരിധി എന്നു ഉദ്ദേശിക്കുന്നത്.
5. തദ്ദേശ സ്വയം ഭരണസ്ഥാപനം : എന്നത് വിവിധ സ്ഥാപനങ്ങൾ, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്ന് അർത്ഥമാക്കുന്നു.
6. പ്രവർത്തന സമയം : രാവിലെ 6മണി മുതൽ വൈകുന്നേരം 9 മണി വരെ മാത്രം പ്രവർത്തന സമയം.
7. വാർഡ് മെമ്പർ : പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ വാർഡിനെ പ്രതിനിധീകരിച്ച് മത്സരിച്ച് വിജയം കൈവരിച്ചവർ (ഇലക്ഷൻ കമ്മിഷൻ റിക്കാർഡ് പ്രകാരം)
8. സർക്കാർ സ്ഥാപനങ്ങൾ : പോലീസ് വകുപ്പ് പോലെ സർക്കാറിന്റെ കീഴിലുള്ള (ക്രമസമാധാനം മറ്റു ചുമതലയുള്ള) വകുപ്പുകൾ എന്നർത്ഥം.
9. സന്നദ്ധ സംഘടനകൾ : ചാരിട്ടബിൾ, എൻഡോമെന്റ്സ് ആക്റ്റിനും, സൊസൈറ്റി ആക്റ്റിനും, ട്രസ്റ്റ് ആക്റ്റിനും, നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻ എന്നീ വ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തിക്കുന്നത്.
10. മതാചാരം : ഏത് ഒരു വ്യക്തിയുടെയും ഇന്ത്യൻ ഭരണഘടന അംഗീകരിച്ചിട്ടുള്ളതുമായ എല്ലാത്തരം ആചാരങ്ങൾക്ക് വിധേയമായും എന്ന് അർത്ഥമാക്കുന്നു.
11. ഗ്യാസ്ക്രമറ്റോറിയം : ശവസംസ്ക്കാരം നടത്തുന്നത് ഗ്യാസ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ചേമ്പറിൽ കടത്തിവിട്ട് ദഹിപ്പിക്കുന്ന രീതി എന്ന് അർത്ഥമാക്കുന്നു.
12. ബറിയൽ ഗ്രൗണ്ട് : ശവസംസ്ക്കാരം നഗരസഭയുടെ അധീനതയിൽ ഉള്ള സ്ഥലത്ത് കുഴിച്ചു മൂടി സംസ്കരിക്കുന്ന സ്ഥലം എന്ന് അർത്ഥം ആക്കുന്നു.
13. ചൂളയിൽ വെക്കുന്നത് : മതാചാരപ്രകാരം ശവസംസ്ക്കാരം ചൂളയിൽ വെച്ച് ദഹിപ്പിക്കുന്നത് എന്ന അർത്ഥം ആക്കുന്നു.

14. കൗൺസിൽ : തിരൂർ നഗരസഭാ കൗൺസിൽ എന്ന അർത്ഥം ആക്കുന്നു.
15. രജിസ്റ്റർ : ടി ആവശ്യത്തിലേക്കായി നഗരസഭാ നിയോഗിക്കുന്നതുമായ ഉദ്യോഗസ്ഥർ മേൽ വിവരങ്ങൾ ക്രമത്തിൽ എഴുതി രേഖപ്പെടുത്തുന്നത് രജിസ്റ്റർ എന്നർത്ഥമാക്കുന്നു.
16. രജിസ്ട്രേഷൻ : നഗരസഭയുടെ പ്രവർത്തന അനുമതി/ലൈസൻസ് എന്ന അർത്ഥമാക്കുന്നു.
17. പരിപാലന കമ്മറ്റി : നഗരസഭാ നിശ്ചയിക്കുന്ന കമ്മറ്റിയിൽ ഉൾകൊള്ളിച്ച് കൗൺസിൽ തീരുമാനിക്കുന്ന ഉടൻ

3 തിരൂർ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്നതുമായ തിരൂർ, പൊറ്റിലത്തറയിൽ, പോലീസ് ലൈൻ, തെക്കുമുറി സ്ഥലത്ത് നഗരസഭയുടെ പൊതുശ്മശാനം ബന്ധപ്പെട്ട് നൽകിയിട്ടുള്ള നിയമാവലി താഴെപറയുന്നപ്രകാരം ബാധകമാക്കുന്നത് വിവരിക്കുന്നത്.

4. നഗരസഭാ കൗൺസിലിന് ഉചിതമായ രീതിയിൽ അതാത് നഗരസഭ നേരിട്ടോ ലൈസൻസി മുഖേനയോ ടി സ്ഥാപനം പ്രവർത്തിക്കാവുന്നതിന് അനുമതി നൽകുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

5. നഗരസഭാ പരിധിയിൽ വരുന്ന എല്ലാവർക്കും ശവസംസ്കാരവുമായി ബന്ധപ്പെട്ട് 2500/- രൂപ നഗരസഭയുടെ പുറമെയുള്ള വ്യക്തികൾക്കും ബാധകമായിരിക്കും.

6. ബി.പി.എൽ ആയ കാർഡ് കുടുംബങ്ങൾക്ക് പൂർണ്ണമായി സൗജന്യമായിരിക്കും ആയതിന്റെ അസ്സൽ രേഖകൾ അനുബന്ധം 1 ഉൾപ്പെടുത്തിയിരിക്കുന്നു.

7. ശവസംസ്കാരവുമായി ബന്ധപ്പെട്ട് നഗരസഭയ്ക്ക് വരുന്ന ചിലവുകൾ ആനുപാതികമായി വർദ്ധിപ്പിക്കുന്നതിന് നഗരസഭാ കൗൺസിലിന് അധികാരം ഉണ്ടായിരിക്കും.

8. ലൈസൻസുകൾ മുഖാന്തരം നടത്തി വരുന്ന പക്ഷം ടിയാൻ നഗരസഭയുടെ ബൈലോയ്ക്ക് വിധേയമായി നടപടികൾ സ്വീകരിക്കാൻ ഉത്തരവാദിയാണ്.

9. ക്രിമിറ്റോറിയത്തിന്റെ അറ്റകുറ്റപ്പണികൾ, പുനരുദ്ധാരണം എന്നിവ സംബന്ധിച്ച് ചെയ്യേണ്ട നിർദ്ദേശങ്ങൾ യഥാസമയം നഗരസഭാ എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ തയ്യാറാക്കി നഗരസഭ കൗൺസിൽ മുൻപാകെ നഗരസഭ സെക്രട്ടറി സമർപ്പിക്കേണ്ടതും അപ്രകാരമുള്ള പ്രവർത്തികൾ നഗരസഭ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നഗരസഭ നിർവ്വഹിക്കേണ്ടതുമാണ്.

10. ടി സ്ഥാപനം എല്ലാ ദിവസത്തിലും പ്രവർത്തിക്കുന്നതാണ്. സംസ്ക്കാരത്തിനായി മൃതദേഹം കൊണ്ടുവരുമ്പോൾ 5 മണിക്ക് മുമ്പായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

11. അനുബന്ധം 1 ന് വിധേയമായി എല്ലാ ഫോറങ്ങളും പൂരിപ്പിച്ച് നൽകേണ്ട ബാധ്യതി ടി ആവശ്യത്തിലേക്കായി വരുന്ന വ്യക്തികൾ/സംഘടനകൾ/സർക്കാർ ഏജൻസികൾ എന്നിവർക്ക് ബാധ്യത ഉണ്ടായിരിക്കും.

12. ടി അപേക്ഷയിൽ അതാത് (ദഹിപ്പിക്കൽ/കുഴിച്ചിടൽ) ആയി ബന്ധപ്പെട്ട വ്യക്തിയുടെ ആധാർ/തിരിച്ചറിയൽ കാർഡ് എന്നിവ കൊണ്ടുവരുന്നതിന് ബാധ്യത ഉണ്ടായിരിക്കും.

13. സാധാരണ രീതിയിലുള്ള മരണം എന്ന കാര്യങ്ങളിൽ അതാത് വാർഡുകളിലെ മെമ്പർമാരുടെ സാക്ഷ്യപത്രം അല്ലങ്കിൽ ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രം അല്ലെങ്കിൽ എം.പി/എം.എൽ.എ പൗര പ്രമുഖൻ എന്നിവരുടെ സാക്ഷ്യപത്രവും, സാക്ഷികളായി രണ്ട് പേരുടെ പേര്, ഒപ്പ്, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നിവയും കൊണ്ടുവരുന്നതിന് ബാധ്യത ഉണ്ടായിരിക്കും.

14. അസാധാരണ രീതിയിൽ മരണം സംഭവിക്കുന്ന പക്ഷം ആയത് സംസ്ക്കരിക്കുന്നതിന് മുമ്പായി എസ്.എച്ച്.ഒ. അല്ലെങ്കിൽ സി.ഐ., അല്ലെങ്കിൽ ഇൻക്വസ്റ്റ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് ക്രമപ്രകാരം തുടർ നടപടി സ്വീകരിക്കുകയുള്ളൂ. ക്രമപ്രകാരം തുടർ നടപടി സ്വീകരിക്കാവൂ.

15. സൂചന 11 പ്രകാരം ലൈസൻസി/നടത്തിപ്പുകാർ പ്രവർത്തിക്കുന്ന പക്ഷം കസ്റ്റോഡിയൻ ഓഫീസർ/ലൈസൻസ്(സ്ഥാപനം നടത്തുന്നവർ, ഏൽപിക്കുന്ന വ്യക്തി/സ്ഥാപനം)പൂർണ്ണ ഉത്തരവാദിയാക്കുന്നു.

16. ശവം മറവു ചെയ്യുന്ന പക്ഷം നിലവിലുള്ളവ മറവ് ചെയ്ത സ്ഥലത്തു നിന്നും 1 മീറ്റർ മാറി ശവകുഴി എടുക്കാവുന്നതിനും സാധ്യമാകുന്നു.

17. ഗ്യാസ് ക്രമറ്റോറിയത്തിലോ, ചൂളയിലോ വയ്ക്കുന്ന ശവമോ അതാത് ദഹിപ്പിക്കുന്നതിനോ ചെയ്യുന്നതിന് എത്തിക്കപ്പെടുന്ന പക്ഷം രാവിലെ 6മണിക്ക് ശേഷവും വൈകുന്നേരം 6മണിക്ക് മുമ്പായും കൊണ്ടുവരേണ്ടതും നിലവിൽ രണ്ടു സ്ഥലവും പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പക്ഷം ബോഡ് സ്ഥലത്ത് മേൽപറഞ്ഞ സമയത്ത്

എത്തി ചേരേണ്ടതും ബോഡി സംസ്കരിച്ച ശേഷം ആയതിന് ശേഷം (6മണിക്കൂറിനുള്ളിൽ)ആയത് ദഹിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുന്നതായിരിക്കും.

18. 7 ദിവസത്തിനുള്ളിൽ ഗ്യാസ് ക്രിമിറ്റോറിയത്തിൽ വരുന്ന ശവം സംസ്കരിച്ച ശേഷം ചിതാഭസ്മം കൊണ്ടുപോകുന്നതിനായി വരുന്ന കക്ഷികൾക്ക് ബാധ്യത ഉണ്ടായിരിക്കും.

19. ബുക്കിനായി ടി സ്ഥലത്ത് ഓഫീസ് പ്രവർത്തിക്കുന്നതും, നഗരസഭയിലേക്കും ബന്ധപ്പെടാവുന്നതും ബുക്കിങ്ങിന് മുമ്പായി 1000/–രൂപ അഡ്വാൻസ് കൊടുക്കുന്നതിനായി ആവശ്യപ്പെടുന്ന തിലേയ്ക്ക് കൊടുക്കുവാൻ ബാധ്യതയുണ്ടായിരിക്കും.

20. ശവസംസ്കാരവുമായി ബന്ധപ്പെട്ട് ഏതെങ്കിലും രീതിയിൽ സംശയങ്ങൾ ഉണ്ടാക്കുന്ന പക്ഷം ഹെൽത്ത് ഇൻസ്പെക്ടർ വ്യക്തമായി പരിശോധിച്ച് ആയത് നഗരസഭാ സെക്രട്ടറി മുഖേന സമർപ്പിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിക്ക്/ ഹെൽത്ത് ഓഫീസർക്ക് ബാധ്യത ഉണ്ടായിരിക്കുന്നതാണ്.

21. നഗരസഭയുടെ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി മാത്രം ടി സ്ഥാപനം പ്രവർത്തിക്കുന്നതും ആയതിന്റെ എന്തെങ്കിലും ടെക്കിനിക്കൽ വംശം കൊണ്ടും വ്യക്തമായി ഉണ്ടായേക്കാവുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും നഗരസഭയ്ക്ക് യാതൊരു രീതിയിലുള്ള ബാധ്യതയായിരിക്കുകയില്ലാ എന്നും.

22. അവകാശികളില്ലാതെ വരുന്ന ശവങ്ങൾ എന്നിവ റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം മറവ്/ദഹിപ്പിക്കുന്നതിനായി അതാത് ബന്ധപ്പെട്ട അധികാരികളുടെ (പോലീസ്) സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് മാത്രം സംസ്ക്കാരം നടത്തേണ്ടതാകുന്നു.

23. നിയമാവലി 22 പ്രകാരം വരുന്ന പ്രവർത്തികൾ നഗരസഭയുടെ സ്വന്തം ചിലവിൽ ദഹിപ്പിക്കേണ്ടതാകുന്നു. നഗരപരിധിയിൽ അല്ലാത്തപക്ഷം വരുന്ന അനാഥ ശവങ്ങൾക്ക് ബന്ധപ്പെട്ട അതിർത്തിയിൽ നിന്നും പോലീസിന്റെ ഭാഗത്തു നിന്നും ഹാജരാക്കുന്ന പക്ഷം മാത്രമേ ശവസംസ്ക്കാരം നടത്താൻ പാടുള്ളൂ.

24. നഗരസഭയുടെ ഗ്യാസ്, ദഹിപ്പിക്കൽ, സംസ്ക്കരിക്കൽ എന്നിവ നിലവിലുള്ള നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി മാത്രമേ നടപ്പിലാക്കുന്നതിനായി കഴിയുകയുള്ളൂ എന്നും.

25. ഗ്രീൻ പ്രോട്ടോകോൾ ആചാരങ്ങൾക്ക് വിധേമായി മാത്രവും ആയതിന്റെ ശവസംസ്ക്കാരം പൂർണ്ണമായി നടത്താൻ പാടുള്ളൂ.

26. കാലാകാലങ്ങളിൽ വരുന്ന എല്ലാ മാറ്റങ്ങൾക്കും (ഫീസ് വർദ്ധനവ് ഒഴിച്ച്) എല്ലാ പരിഷ്കരണത്തിനും പൂർണ്ണമായി നഗരസഭാ സർക്കാർ ഗസറ്റിൽ വിഞ്ജാപനം നടത്തേണ്ടതാണ്.

27. ഗ്യാസ് ക്രമറ്റോറിയത്തിനായി ഗ്യാസ് വയ്ക്കുന്നതിനായി ഗ്യാസ്, വിറക് ആവശ്യമായ ചിലവ് സെക്രട്ടറിക്ക് ചെയർമാന്റെ അനുമതിക്ക് വിധേയമായി തുടർ നടപടി സ്വീകരിക്കാൻ നൽകുന്നതിന് അധികാരം ഉണ്ടായിരിക്കും.

28. വിധേയമായി നൽകുന്ന പക്ഷം ടി ചുമതല നടത്തിപ്പുകാരന്റെ ഉത്തരവാദിയായിരിക്കും എന്നും.

29. ടി ഗ്യാസ് ചേമ്പറുമായി ബന്ധപ്പെട്ട പ്രവർത്തികളും പരിസരവും ശുചീകരണം വെള്ളം ടി ആവശ്യത്തിലേക്കായി വരുന്ന പക്ഷം ആയത് ചെയ്യുന്നതിനുള്ള ചുമതല നഗരസഭയ്ക്ക് ഉള്ളതും, ലേലം കൊടുക്കുന്ന പക്ഷം ആയതിന്റെ പൂർണ്ണ ചുമതല എന്നത് ലൈസൻസിയുടേത് ആയിരിക്കും.

30. ലൈസൻസ് എന്നത് ചുരുങ്ങിയത് 3 വർഷ കാലയളവിലേക്കായിരിക്കും എന്ന് മേൽ വ്യവസ്ഥകൾക്ക് വിധേയമായും നഗരസഭാ നിശ്ചയിക്കുന്ന ഫോറത്തിന് (ചിലവ് കക്ഷിയിൽ നിന്നും ഈടാക്കണം) വ്യവസ്ഥയിൽ ടി സ്ഥാപനം തിരൂർ നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്നതായിരിക്കും.

31. റീത്ത് അനുബന്ധ സാധനങ്ങൾ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതും ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഇതുമായി ബന്ധപ്പെട്ട് എല്ലാ സാധനങ്ങളും ബന്ധപ്പെട്ട കക്ഷികളുടെ ഉത്തരവാദിത്വത്തിലും നിർമാർജ്ജനം ചെയ്യേണ്ടതാണ്.

32. പൊതുശ്മശാനത്തിൽ കൊണ്ടുവന്ന് മൃതദേഹം സംസ്ക്കരിക്കുന്നതിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം മൃതദേഹം കൊണ്ടുവരുന്നയാൾക്ക് ആയിരിക്കും മൃതദേഹം പൂർണ്ണമായി കത്തി തീരുന്നതുവരെ ടിയാൻ ക്രിമിറ്റോറിയത്തിൽ ഉണ്ടായിരിക്കേണ്ടതുമാണ്.

33. പൊതു വഴിയിലൂടെ കൊണ്ടുവരുന്ന ശവങ്ങൾ മാന്യമായി മറച്ചിരിക്കേണ്ടതും അവ പൊതു വഴിയിലോ ശ്മശാനത്തിലോ ഉപേക്ഷിക്കാനോ പാടുള്ളതല്ല. പോസ്റ്റ്മോർട്ടം നടത്തിയ ശവമോ, ശവത്തിന്റെ ഭാഗങ്ങളോ ശവപ്പെട്ടിയിൽ അടക്കം ചെയ്യാതെ കൊണ്ടുവരാൻ പാടുള്ളതല്ല. യാതൊരു കാരണവശാലും 6 മണിക്കൂറിൽ കൂടുതൽ മൃതദേഹം ശ്മശാനത്തിൽ സൂക്ഷിക്കുവാൻ അനുവദിക്കുന്നതല്ല.

34. മൃതദേഹം സംബന്ധിച്ച് വ്യാജ വിവരങ്ങൾ നൽകുന്നവരിൽ നിന്നും കേരള മുൻസിപ്പൽ ആക്റ്റ് സെക്ഷൻ 487 പ്രകാരം പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായിരിക്കും.

35. നിയമാവലിയിൽ ഏതെങ്കിലും തർക്കം ഉണ്ടാകുകയോ, സ്വീകരണം ആവശ്യമായി വരികയോ ചെയ്താൽ ആയതിൽ മേൽ നഗരസഭാ കൗൺസിലിന്റെ തീരുമാനം അന്തിമമായിരിക്കും.

സെക്രട്ടറി

ഉള്ളടക്കം : അനുബന്ധം

തിരൂർ നഗരസഭ

# തിരൂർ നഗരസഭ

തൃക്കണ്ടിയൂർ.പി.ഒ, തിരൂർ – 676101

Email ID – secretarytirmun@gmail.com ഫോൺ : 0494 2422303

**തിരൂർ നഗരസഭയിലെ ഗ്യാസ് ക്രിമറ്റോറിയം ബറിയൽ ഗ്രൗണ്ട്, ചൂളയിൽ ദഹിപ്പിക്കൽ എന്നിവക്കുള്ള അപേക്ഷ**

1. അപേക്ഷയിൽ പേര് :
2. പൂർണ്ണ മേൽ വിലാസം :
3. മരിച്ച വ്യക്തിയുടെ പേര് :
4. മരിച്ച ആളുടെ പേരും വിലാസവും :
5. മരിച്ച വ്യക്തിയുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് :
6. സ്വാഭാവിക മരണം ആണോ :
7. അസ്വഭാവിക മരണമെങ്കിൽ കാരണം വിശദീകരണം :
8. അസ്വാഭാവിക മരണമെങ്കിൽ FIR ന്റെ കോപ്പിയോ, പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ കോപ്പിയോ അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട അധികാരിയുടെ സാക്ഷ്യപത്രം :
9. മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന ആളുടെ തിരിച്ചറിയൽ കാർഡ് നമ്പർ (കാർഡ് നമ്പർ (പകർപ്പ് സഹിതം) :
10. മേൽവിഷയുമായി ബന്ധപ്പെട്ട് ഹാജരാക്കിയ വാർഡ് കൗൺസിലറുടെ സാക്ഷ്യപത്രം/ഗസറ്റ് ഓഫീസർ/ എം.എൽ.എ/എം.പി., തദ്ദേശസ്വയം ഭരണസ്ഥാപനത്തിന്റെ മേലാധികാരി :
11. നഗരസഭ നിവാസിയാണോ? :

## സത്യവാങ്മൂലം

ഞാൻ..........................................................................................(പേരും, വിലാസവും) മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ വിവരങ്ങളും എന്റെ ഉത്തമ വിശ്വാസത്തോടെയാണ് സമർപ്പിച്ചിട്ടുള്ളത് എന്നും, ഏതെങ്കിലും വിവരം തെറ്റാണെന്ന് തെളിഞ്ഞാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം എന്നിൽ നിക്ഷിപ്തമായിരിക്കും. ഇതിനാൽ സ്വമനസ്സാൽ സമ്മതിച്ച് സത്യവാങ്മൂലം ആയി സമർപ്പിക്കുന്നു.